**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സാഹചര്യത്തിൽ കുട്ടികൾ നേരിടുന്ന സാമൂഹിക,മാനസിക, അക്കാദമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോവിഡാനന്തര വിദ്യാഭ്യാസം ഏത് രീതിയിൽ ക്രമീകരിക്കണം എന്നതിന് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | കോവിഡ്-19 കാലഘട്ടത്തിൽ കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമികവും മനോ-സാമൂഹികവുമായ അവസ്ഥ സംബന്ധിച്ച് എസ്.സി.ഇ. ആർ.ടി വിപുലമായ പഠനം നടത്തിയിരുന്നു. 14 ജില്ലകളിൽ നിന്നായി 2829 വിദ്യാർത്ഥികളും 2466 രക്ഷിതാക്കളും 412 അധ്യാപകരും 176 സ്കൂൾ കൗൺസിലർമാരും പഠനത്തിന്റെ ഭാഗമായി 2020 സെപ്തംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ നടന്ന ഈ പഠനം കോവിഡാനന്തര വിദ്യാഭ്യാസത്തിൽ കുട്ടികളുടെ മാനസിക-സാമൂഹിക വികാസം പരിഗണിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. തുടർച്ചയായ ഡിജിറ്റൽ വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ശ്രദ്ധയും ഏകാഗ്രതയും കുറയാൻ കാരണ മായിട്ടുള്ളതിനാൽ ഏകാഗ്രതാ വ്യായാമങ്ങൾ, പുസ്തക വായന, കലാ-കായിക പ്രവർത്തനങ്ങൾ, വൈവിദ്ധ്യ മാർന്ന അനുഭവങ്ങൾ നൽകുന്ന പഠന പ്രവർത്തങ്ങൾ എന്നിവയ്ക്ക് അവസരമൊരുക്കണം എന്ന് പഠനം നിർദ്ദേശിക്കുന്നു. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും അമിതോപയോഗം, വിഷാദരോഗ ലക്ഷണങ്ങൾ, ഉൽക്കണ്ഠരോഗത്തിന്റെ ലക്ഷണങ്ങൾ, ഏകാന്തത, വൈകാരിക നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് എന്നിവ വിദ്യാർത്ഥികളിൽ ഗണ്യമായ അളവിലുണ്ട്. ഇവയെ പ്രതിരോധിക്കാൻ ക്രിയാത്മകമായി ഇടപെടുന്നതിന് കൗൺസലർമാർ, അധ്യാപകർ, മാതാപിതാക്കൾ, എന്നിവരെ സജ്ജരാക്കേണ്ടതിന്റെ പ്രാധാന്യവും പഠനം ചൂണ്ടിക്കാണിക്കുന്നു. ഇന്ന് സ്കൂളുകൾ കേന്ദ്രീകരിച്ച് പല സംവിധാനങ്ങളുടെ കീഴിൽ നടന്നു വരുന്ന പ്രോജക്ടുകളെ ഏകോപി പ്പി ക്കുകയും സ്കൂൾ കൗൺസിലർമാർക്ക് ഉചിതമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് അവരുടെ സേവനം |

| | | | |
|---|---|---|---|
| | | | ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യണമെന്നും പഠനം നിർദ്ദേശിക്കുന്നു |

സെക്ഷൻ ഓഫീസർ